# നവകേരളം




ഡിജിറ്റൽ മാഗസിൻ

## ജി.എച്ച്.എസ്.എസ്.പെരിയ

# ഉള്ളടക്കം

*പ്രളയാനന്തരം*......................................................3
നവകേരളം......................................................6
പടുത്തുയർത്താം കേരളത്തെ......................................8
പഴയ പുതിയ കേരളം..............................................9
മാറുന്ന കേരളം..................................................11
*മാറുന്ന കേരളം*..................................................12
സ്വപ്ന കേരളം....................................................14
പ്രതീക്ഷ..........................................................15
*എന്റെ സ്വപ്നത്തിലെ.............................................19*
*നവകേരളം*.....................................................19
*നവ കേരളം എന്റെ സ്വപ്നത്തിൽ*.................................20

# പ്രളയാനന്തരം

കാഴ്ചയുടെ അറ്റം കുറിക്കുന്ന
ജലധാരയിൽ,
വെള്ളത്തിലാശാന്മാർ കുറിച്ചിട്ട
കവിതയുടെ മെലിഞ്ഞ ലിപികൾ
നീ കാണുന്നില്ലേ........
ക്രമംതെറ്റിയ അക്ഷരങ്ങളിൽ
എനിക്കു മാത്രം വായിച്ചെടുക്കാവുന്ന
ആ ഭാഷ,
പകർത്തിയെഴുതുകയാണ് ഞാൻ
ഇരുട്ടിൽ നീ പെയ്തു തീർത്തപ്പോഴൊക്കെയും
ഓർമ്മകളിൽ നനയാറുള്ള എന്നെ
നീ മറന്നു പോയി.
നിലാവിൽ നീ അഴിച്ചിട്ട സമൃദ്ധിയുടെ -
മുടിയിഴകളിൽ,
നിനക്കൊരു മുഖം വരയ്ക്കുകയായിരുന്നു
എന്നിലെ ചിത്രകാരൻ .
കിഴക്കൻ മലകളുടെ അവശിഷ്ടങ്ങളിൽ
കണ്ണ് തുറന്ന എനിക്ക്
വെള്ളത്തിൽ മുങ്ങിമരിച്ച
ഓണപ്പൂക്കൾ നീ മാറ്റിവച്ചു .
എന്റെ പുഴകളെ നീ നീലയാക്കി
ക്കുക്കിയാൽ മറുകുകിൽ

എന്നെ പച്ചയാക്കാറുള്ള
വനികളിൽ നീയെന്നെ തിരഞ്ഞുചെന്നു.
നിന്റെ കൽപനകൾ മാനിക്കാതെ
നിന്റെ കഴുത്തിൽനിന്നും
ഊർന്നുവീണ മേഘലങ്ങൾ
പാമ്പുകളായി ചെന്ന്
ജീവനുകളപഹരിച്ചു.
ഓരമ്മകളിൽ വയലുകളായിരുന്ന
വീട്ടുകളൊക്കെയും, നീ
വീണ്ടും തരിശ്ശുകളാക്കി.
മഞ്ഞ വെളിച്ചത്തിന്റെ അനർഗളമായ
തള്ളിക്കേറൽപോലും
നീ എനിക് മുമ്പേ ഒഴുക്കികൊണ്ടുപോയി.
ഒന്നു ശ്രദ്ധിക്കു,
രൗദ്രം ജലത്തിനു പറ്റിയ
ഭാവമല്ല.
താണ്ഡവം നിർത്തി, തുടിയഴിച്ച്
നീ പിൻവാങ്ങുക
വഴിതെറ്റി ഒഴുകിയ
നിന്നിലെ കവിതയെ
ഒരുമയുടെ ഒന്നാം ചുവടിൽ
ഞങ്ങൾ ഒതുക്കിയെഴുതി
മരണമെറിഞ്ഞ വലകളിൽ നിന്നും
ഞങ്ങൾ മുങ്ങാം കുഴിയിട്ടു.
ഇനി മരണം ഞങ്ങളെ കണ്ടാൽ-

**വാലാട്ടം.**
**നിനക്കുമേൽ ഞങ്ങൾ വരച്ച**
**മഴവില്ല് ;അതൊരു വാഗ്ദാനമാണ്**
**അതിജീവനത്തിന്റെ മറ്റൊരു ഭാഷ**
**അതു ഞങ്ങളിൽ അലിഞ്ഞു ചേർന്നതാണ്**
**കവിത പോലെ**
**അക്ഷരം പോലെ......**

**അശ്വിൻ ചന്ദ്രൻ**
**10 A**

# നവകേരളം

അതിഭീരകമായ പ്രളയത്തെ നാം ഒറ്റക്കെട്ടായി നേരിട്ടു. എല്ലാ മതാചരങ്ങളും ഒന്നാണ് എന്ന വിശ്വാസം.എല്ലാ ദൈവങ്ങളും എന്റെയും ദൈവമാണ് എന്ന ഉള്ളിലെ തുടിപ്പ് , അതാണ് എന്റെ നവ കേരളം.കേരളം ഒറ്റക്കെട്ടായി വൻ ദുരന്തത്തെ അതിജീവിച്ച് കടന്നു പോയ എന്റെ ലോകം.

നമ്മുടെയൊക്കെ പ്രകൃതി ദേവി കവിഞ്ഞൊഴുകി തന്ന നമ്മുടെ കേരളത്തെ മനുഷ്യൻ തന്നെ ഇല്ലായ്മ ചെയ്യുമ്പോൾ ലോകത്തിനു പിടിച്ചു നിൽക്കാനാവാത്ത വൻദുരന്തത്തിന് വഴിമാറി പോയ മനുഷ്യൻ. എന്നും സന്തോഷത്തോടെ കളിയാടുന്ന ലോകമാണെന്റെ നവ കേരളം.

“ഓരോ ജീവനും മനസ്സിൽ നിന്നും
അകന്നു പോകരുത്.........
മതമെങ്ങോ ദൂരെ മലയാളമൊ
രമ്മ ച്ചൂടായി.................
രാവും പകലും ഓരോ ശ്വാസവും
ഓരോ ജീവനും തേവിത്തേവി

നോവിൻ

മടിയിൽ നാം ഒന്നായി..............

ഉള്ളു നിറഞ്ഞു കണ്ണു നിറഞ്ഞു

കൈകളിൽ രക്ഷയ്ക്ക സ്വന്തം

മണ്ണിൻ ദൈവത്തിൻ നാടാൽ

കേരളമേ........ കേരളമേ..........

പ്രളയത്തിനു മുമ്പിൽ എല്ലാ മതങ്ങളും ഒന്നായി എന്ന വിശ്വാസം. എല്ലാ കേരളീയരുടെയും നന്മകളോടെയാണ് നാം ഇന്ന് പ്രളയത്തിനു മുന്നിൽ കൈകോർത്തി- രിക്കുന്നത്.എന്നും നാം വൻപ്രളയത്തെ നേരിടുമെന്ന വിശ്വാസം  എനിക്കുണ്ട്.

## ഇനി വരാൻ പോകുന്ന പ്രളയത്തെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങൾ

*കുന്നുകൾ ഇടിക്കരുത്, വയലുകൾ നികത്തരുത്.

*മലകളുടെ മീതെ വീടുകൾ കെട്ടരുത്.

*വെള്ളം ഒഴുകുന്ന സ്ഥലത്ത് വീടുകൾ കെട്ടരുത്.

ഭിനില , 8C

# പടുത്തുയർത്താം കേരളത്തെ

**വെള്ളപ്പൊക്കത്തിൽ**
**മുങ്ങിയ കേരളം**
**ഇന്നുമെന്റെ മനസ്സിലുണ്ട്**
**കാടും വയലും തോടുകളും**
**പുഴകളും കുളങ്ങളുമെല്ലാം**
**നഷ്ടപ്പെട്ട വെള്ളപ്പൊക്കത്തിൽ**
**ഇന്ന് കേരളം ശൂന്യനാട്**
**ഇനിയും നമുക്ക് പടുത്തുയർത്താം**
**നമ്മയുടെ പുതിയ കേരളത്തെ**
**കാടും മലകളും തോടുകളും**
**ഇനിയും തിരികെ കൊണ്ടുവരാം**
**കൈകോർക്കുവിൻ മലയാള ജനങ്ങളെ**
**പടുത്തുയർത്താം കേരളത്തെ**
**നമ്മയുടെ പുതിയ കേരളത്തെ**

**ശ്രീലക്ഷ്മി.എം**
**8 സി**

# പഴയ പുതിയ കേരളം

പണ്ടൊരു നാളിൽ കേരളമെന്നത്
കർഷകരുടെ നാടാണ്
ഇന്നൊരു നാളിൽ കേരളമെന്നത്
കൈയേറ്റക്കാരുടെ നാടാണ്
പാടം നികത്തി ഉയർന്ന ഫ്ളാറ്റുകൾ
തോടുകളോ മണ്ണിട്ടു മൂടി മനുഷ്യർ
അയ്യോ.... അയ്യോ...നശിപ്പക്കരുതെ എന്നെതിർത്തു
ദൈവങ്ങൾ
പ്രകൃതിയുടെ സ്ഥലങ്ങൾ തട്ടിയെടുത്ത്
വീടുകൾ പണിതു മനുഷ്യർ
മറക്കില്ല പ്രകൃതി പ്രകൃതിയുടെ സ്ഥലങ്ങൾ
തിരിച്ചെടുത്തു പുഴകളെയും വയലുകളെയും
പുഴയിൽ നിന്ന് വെള്ളം കയറി വന്നു
വീടുകളിലേക്ക് കാട്ടിലെ മൃഗങ്ങളെത്തി
എങ്കിലും ദുരന്തമൊന്നും ഏൽക്കില്ല മലയാളിക്ക്
ജീവിക്കും ഇനി പുതിയ നാട്ടിൽ നവകേരളത്തിൽ
മറക്കില്ല മറക്കില്ല ഇത് ഒരു മലയാളിയും
കണ്ണടച്ച് ഉറക്കംമുമ്പ് തിരിച്ചെടുക്കാം
നമ്മുടെ നാടിനെ മലയാളികളുടെ ജീവനെ
ഉയർന്നു വന്നു കേരളജനത
മരിക്കാത്ത മനസ്സോടെ
ഒന്നായി എല്ലാവരും ഒരേസ്വരത്തിൽ
പാടുകയാണ് നവകേരളം നവകേരളം
നമുക്കുയർത്താം തിരിച്ചെടുക്കാം നമ്മുടെ
നാടിനെ മലയാളികളുടെ ജീവനെ

**എല്ലാവരും ഒന്നായി, മനസ്സിലും നന്മയായി**
**നമ്മൾ എല്ലാവരുംഒന്നാണ്**
**നമ്മുടെ മനസ്സിൽ നന്മയാണ്.**

**അഭിജിത്ത് എം.**

# മാറുന്ന കേരളം

കേരളമെന്നൊരു നാടുണ്ട്
കേര വൃക്ഷത്തിന്റെ നാടാണ്
മലയാള ഭാഷ തൻ നാടാണ്
മലയാളത്തിന് മാധുര്യം
നിറഞ്ഞൊഴുകും നാടാണ്
പുഴകൾ കള കള നാദത്തിൽ
ഒഴുകുന്നുണ്ടെൻ കേരള നാട്ടിൽ
കാരുണ്യത്തിൻ നാടാണ്
എന്തൊരു സുന്ദരമാണെൻ കേരളം
തനിമ നിറഞ്ഞൊരു നാടാണ്
മേലരിട്ടുണരും മലയാളം
എന്നുടെ സുന്ദര കേരളം
ഇനിയൊരു ജന്മം തരുമെങ്കിൽ
ഈ പുണ്യ നാട്ടിൽ പിറയ്ക്കുവാൻ

ഫാത്തിമ.ബി, 9 D

# മാറുന്ന കേരളം

കേരളമെന്നൊരു നാടുണ്ട്

നമ്മുടെ സ്വന്തം നാടാണ്

കലകളുടെ നാട് കേരളം

ദൈവത്തിന്റെ സ്വന്തം നാട്

കേരളം എന്നൊരു ജന്മദേശം

കേരനിരകളുടെ നാടാണ്

അത് നമ്മുടെ പുണ്യനാടാണ്

മലരണിക്കാടുകൾ തിങ്ങി വിങ്ങി

മരതചാലുകൾ പൊങ്ങി പൊങ്ങി

വരും തലമുറയിൽ അഭിമാന-

ത്തോടെ പറയാൻ പറ്റുന്ന

നാടാണ് ഇത് നമ്മുടെ

സ്വന്തം നാടാണ്

ഏത് പ്രളയം വന്നാലും

**കൂടെ നിൽക്കും നാടാണ്** –വിസ്മയ.വി,9B

# സ്വപ്ന കേരളം

പ്രളയവും......... കൊടുങ്കാറ്റും...........

ഞാൻ ഓർക്കുന്നു പച്ചവിരിച്ച പാടങ്ങൾ

നിറഞ്ഞ കേരളത്തെ

കള കള ഒഴുകുന്ന അരുവികളും

മധുര ഗീതം പാടുന്ന കുരുവികളും

ഇളം കാറ്റിലാടുന്ന തെങ്ങുകളൊക്കെയും

കേരള നാടിനെ ഭംഗിയാക്കി

ദുരിതങ്ങൾക്ക് ശേഷവും ഇങ്ങനെയൊരു

കേരളമാണ് നമുക്കാവശ്യം

പുണ്യം നിറഞ്ഞ കേരളത്തെ

എല്ലാവരും വന്ദിക്കുന്നു

കൈകോർത്ത് പിടിക്കുവിൻ കേരളത്തെ

ദുരിതങ്ങൾക്ക് മുമ്പിൽ കൈവിടാതെ

നന്ദന ,8C

# പ്രതീക്ഷ

"വീടോ......! ഇനി അതൊരു സ്വപ്നം മാത്രം

ജീവിതത്തിന്റ പകുതിയും ഞാൻ അതിന് വേണ്ടി കഷ്ടപ്പെട്ടു.

ഇപ്പോ അത് ആർക്കും വേണ്ടാതെ അവിടെ കിടക്കുന്നു"

കൃഷ്ണന്റെ കണ്ണുകൾ നിറഞ്ഞു

"ചേട്ടാ ദു:ഖിക്കരുത് കഴിഞ്ഞ് പോയ കാര്യങ്ങളെ തിരിച്ച് കൊണ്ടുവരാൻ പറ്റില്ല".

സരോജിനിയുടെ വാക്കുകൾ കൃഷ്ണന് ശക്തിപകർന്നു.

"സത്യം പറഞ്ഞാൽ അതും ശരി തന്നയാ...എന്റെ മനസ്സിലെ മുറിവുകളെ ഉണക്കുന്നത് പുനർജന്മത്തിന്റെ ചിന്തകളാണ്."

"ആ ഇതാര്! നേതാവൊ....! വോട്ട് വല്ലതും ചോദിക്കാനാണൊ നേതാവേ......!?

കൃഷ്ണൻ തമാശ രീതിയിൽ ചോദിച്ചു"ഏ....അല്ല അതിന്റെ സമയമാകുമ്പോൾ  ഞാൻ വന്നേക്കാം"....

നേതാവ് കൂട്ടിചേർത്തു

"എനിക്ക് എന്റെ വീടൊന്ന് പുതുക്കി പണിയണം ശുചീകരിച്ചാൽ പോകുന്ന കേട് പാടുകളല്ല ഇതിന് ഉള്ളത്."

"അതിന് സർക്കാർ തന്നെ

ഒരു വഴിയൊരിക്കിയിട്ടുണ്ടല്ലോ.....!"

"എന്ത് വഴി"

കൃഷ്ണൻ ആകാംഷയോടെ ചോദിച്ചു..

“നിങ്ങൾ ഏതു ദുരിതാശ്വാസ ക്യാ്പിലാ നിന്നത് അവിടെ പോയി ചോദിച്ചാൽ.....അവർ വീട് പുതുക്കി പണിയാനുള്ള ധനസഹായം തരും.”

“അപ്പോ .... അപേക്ഷ ഒന്നും വേണ്ടേ......?”

സരോജിനിയുടെ കടന്നു വരവ്.

"പേരും വിലാസവും മതി..... എന്നാ ഞാൻ പോകുന്നു.നേതാവായി ജനങ്ങൾക്ക് വല്ലതും ചെയ്തു് കൊടുക്കേണ്ടേ....”

"എടി......സരോജിനി നീ നാള തന്നെ അവിടേക്ക് ഒന്നു പോയിനോക്ക്.......കിട്ടിയാൽ നമുക്ക് സ്വസ്ഥമായി ജീവിക്കാമല്ലോ.....”

പിറ്റേന്ന് രാവിലെ സരോജിനി സ്കൂളിലേക്ക് പുറപ്പെട്ടു.

"ഇവിടെ വീട് നഷ്ടപ്പെട്ടവരിക്ക് ധനസഹായം കൊടുക്കുന്നുണ്ടെന്ന് കേട്ടു......എന്റെ ഭർത്താവിനും എനിക്കും വീട് നഷ്ടപ്പെട്ടു.”

"അയ്യോ അത് നേരത്തേ കൊടുത്തല്ലോ....... ഇവിടന്ന് പോയ എല്ലാവർക്കും കൊടുത്തു.ഇനി കിട്ടാൻ വഴിയില്ല".

"അല്ല നിങ്ങൾ ഒന്നും കൂടി നോക്ക്, എന്റെ പേരും വിലാസവും പറയാം......... സരോജിനിയും കൃഷ്ണനും .”

"ഇല്ല ഈ പേര് ഇതിലില്ലാ.......എനിക്ക് നിങ്ങളെ സഹായിക്കാൻ പറ്റില്ല........ സോറി....."

മനസ്സിലെ നീറുന്ന വേദനയുമായി സരോജിനി നടന്നു നീങ്ങി.

"എന്താ.......സരോജിനി ......ഉണ്ടോ.....?”

കൃഷ്ണന്റെ നീണ്ട വിളി.

"നമുക്ക് ........ഈ കുടിലിൽ തന്നെ കഴിയാം.”

സരോജിനിയുടെ വാക്കുകൾ ഇടറി.......

"നീ എന്താ ...... പറയുന്നേ.........”

"ഇല്ല യാതൊരു വഴിയുമില്ല........ പേര് പോലും അതിലില്ല.......പിന്നെ എങ്ങനയാ......കിട്ടണെ....”

സരോജിനിയുടെ വാക്കുകൾ പാതിയിൽ നിന്ന് ഇടറി.

"സാരമില്ല..... സരോജിനിയെ......ഈ കുടിലിൽ താമസിക്ക് നമുക്ക് ശീലമുണ്ടല്ലോ.....

പിന്നെ പുതിയ വീട് വന്നപ്പോളല്ലേ.....നമുക്ക് ഇങ്ങനെ തന്നെ കഴിച്ച് കൂട്ടാം........

ഇതെങ്കെൽ ഇത്.........”

ഇല്ലായ്മകൾ പറഞ്ഞ് ആ ദമ്പതികൾ ഇപ്പോഴുംആ കുടിളിൽ കഴിയുന്നുണ്ട്.......

നമ്മളിൽ ഒരാളായി.......

ഇവിടെ തകർന്നത് വീടുകൾ മാത്രമല്ല,

മനസ്സുകളുമാണ്.........പക്ഷെ കേരളം എന്ന മനോഹാരിത

ഇതുവരെയും  നശിച്ചിട്ടില്ല....നശിക്കാൻ നാം

അനുവദിക്കില്ല.....നാളെയിതാ......എത്തിയിരക്കുന്നു ഒരു

നവകേരള പിറവിദിനം.

നമുക്ക് ഒന്നിച്ച് കൈകോർക്കാം .......പ്രതീക്ഷയുടെ

പുൽനാമ്പുകൾ വിരിഞ്ഞിരിക്കുന്നു.എന്നിട്ട് ഉറക്കെ

പറയാം........

"അതിജീവിച്ച കേരളം.”

സന മുരളി , 8C

# എന്റെ സ്വപ്നത്തിലെ നവകേരളം

ഓർക്കുന്നു ഞാനെന്റെ കോരളത്തെ
എൻ ജന്മനാടായ നിന്നെയെന്നും
നിൻ ജീവാമൃതമായ മാതൃഭാഷേ
മലയാളമെന്നും അഭിമാനമല്ലെ
പൂക്കളും പുഴകളും അരുവികളും
കാട്ടു ചോലകളും ഭംഗിയല്ലെ
ഇന്ത്യയിൽ തെളിയുന്ന ദീപമല്ലെ നീ എന്നും
വെളിച്ചം  പകരുന്ന കിർത്തിയല്ലെ
നിന്റെ മകളായി ഞങ്ങൾ പിറന്നുവല്ലൊ
എത്ര വലിയ പുണ്യമല്ലെ
നെൽ പാടങ്ങൾ നിറഞ്ഞുവല്ലൊ
കൊയ്ത്തുകാലവും പടിക്കലെത്തി
പച്ചവിരിച്ച പാടത്തിലൂടെ ഞാൻ
പിച്ച വെച്ചു നടന്നീടുമ്പോൾ
ഓർക്കുന്നു ഞാനെന്റെ കേരളമെ
നിനക്ക് എന്റെ ഒരായിരം വന്ദനങ്ങൾ

ശ്രേയ.കെ.വി, 8 C

# നവ കേരളം എന്റെ സ്വപ്നത്തിൽ.

ഞാൻ എന്റെ പഴയ കേരളത്തെ സ്വപ്നം കാണുന്നു. പുഴകളും പൂക്കളും മരങ്ങളും പച്ചപ്പ് നിറഞ്ഞ ശ്യാമസുന്ദര ഭൂമി മലയാളത്തെ പച്ചപ്പരവതാനി വിരിച്ച ആ പഴയ കേരളംഎന്നും എന്റെ സ്വപ്നത്തിൽ ചിറകു വീശി പറക്കുന്നു.പ്രളയക്കെടുതി മൂലം കേരളം ഒരുപാട് ദുരനുഭവങ്ങൾ സഹിക്കാൻ ഇടവന്നിട്ടുണ്ട്.നവ കേരളം ഒരു സുന്ദര കേരളമായി മാറ്റുവാൻ എനിക്ക് കഴിയും. വർണ്ണശഭളാഭമായി നിറഞ്ഞു നിൽക്കുന്ന പൂന്തോട്ടങ്ങൾ ഒരിടത്ത് കുറ്റൻ കെട്ടിടങ്ങളുടെ ഇടത്ത് തല ഉയർത്തിപ്പിടിച്ച നിൽക്കുന്ന തെങ്ങ്. എല്ലാം ഞാൻ സ്വപ്നം കാണുന്നു.പണ്ട് കാലത്ത് പച്ചപ്പ് നിറഞ്ഞ കേരളത്തെ ഇനി വീണ്ടെടുക്കാൻ സാധിക്കുണമെന്ന് നാം പ്രതിജ്ഞ ചെയ്യേണ്ടതുണ്ട്.അത് നമ്മൾക്ക് സാധിപ്പിക്കാൻ കഴിയണം. നവ കേരളത്തിൽ പുളകം വിതറി ഒഴുകുന്ന പുഴയുടെ തീരത്ത് കൊച്ചുവീട് വച്ച് ഞാൻ സാധിക്കും. നാം ഏവരും മതമോ ജാതിയോ നോക്കാതെ കൈകോർത്ത് പിടിച്ച് കേരളത്തിനു വേണ്ട എല്ലാ കാര്യങ്ങൾക്കും ഒത്തുചേർന്ന് പ്രവർത്തിക്കും. സ്വാമി വിവേകാനന്ദൻ കേരളത്തെ ഒരു ഭ്രാന്താലയം എന്ന് പറഞ്ഞത് ഞാൻ ഓർക്കുന്നു.ഇനി ഓരോ മഹത്ത് വ്യക്തിയും പറയണം കേരളത്തെ കണ്ടുപിടിക്കുക,സൗഹൃദത്തിന്റെ

വർണ്ണശ്ശുവാലകൾ പിടിച്ച് അവർ പറക്കുന്നത് കാണുകഎന്ന്. ഈ വർഷം കേരളത്തിന് ഒരുപാട് ദുരനുഭവങ്ങൾ സഹിക്കേണ്ടി വന്നിട്ടുണ്ട്.അടുത്ത വർഷം കേരളത്തിൽ ഒരുപാട് പുതിയ അനുഭവങ്ങൾ കൊണ്ടുവരാൻ നമുക്ക് സാധിക്കണം. സുഖസുന്ദരമായ പുതിയ കേരളത്തെ വാർത്തെടുക്കാൻ നമുക്ക് കഴിയണം .

കേരളത്തെ കേരകേതാര ഭൂമിയാക്കി മാറ്റുവാൻ നാം ഏവരും പ്രയത്നിക്കണം ഒരുപാട് മരങ്ങൾ വച്ച് പിടിപ്പിക്കണം. നവ കേരളത്തിൽ ഒരുപാട് മാറ്റങ്ങൾ വരണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. പുതു കേരളത്തിൽ പാലങ്ങൾ നിർമ്മിക്കുന്നു.ഉയർന്ന തലത്തിലുള്ള വൈദ്യുതി ഉപകരണങ്ങൾ കൊണ്ടു വരുന്നു. ഇതൊന്നും വേണ്ട എന്ന് ഞാൻ പറയുന്നില്ല .പക്ഷേ നവ കേരളം പച്ചപ്പട്ട് വിരിച്ച കേരളം ആകണമെന്നാണ് എന്റെ ആഗ്രഹം .ഇനി നമ്മുക്ക് ഒരുമിച്ച് മുന്നേറാം ,ഒരു നല്ല നവ കേരളത്തിനായ്.....

നന്ദന അശോക്. പി